(ഇ) സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിലെ അംഗൻവാടികൾ

34 [2071] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ ഹെൽപ്പർ, വർക്കർ തസ്തികകളിൽ എത്രപേർ പണിയെടുക്കുന്നുവെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ചേർപ്പ്, അന്തിക്കാട് ബ്ലോക്ക് കമ്മിറ്റികളിൽ ആരൊക്കെയാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഒഴിവുകൾ നികത്തുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

അംഗൻവാടി വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ

35 [2072] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ അംഗൻവാടി വർക്കർമാരായും ആയമാരായും സേവനമനുഷ്ഠിക്കുന്നവരുടെ ആകെ എണ്ണം എത്രയെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഇവരുടെ നിലവിലുള്ള പ്രതിമാസ വേതനം എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(സി) അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങളോ ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ പ്രോവിഡന്റ് ഫണ്ടോ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരം ജീവനക്കാരായി അംഗീകരിച്ച് ഇവർക്കായി സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം III കാണുക.

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[9-3-2005-ലെ 34 (2071)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

പ്രോജക്ടിന്റെ പേര്	അംഗൻവാടികളുടെ എണ്ണം	വർക്കർ/ഹെൽപ്പർ എന്നിവരുടെ എണ്ണം		സ്ഥിരം വർക്കർ/ഹെൽപ്പർ എന്നിവരുടെ എണ്ണം		ഒഴിവുകൾ	
		വർക്കർ	ഹെൽപ്പർ	വർക്കർ	ഹെൽപ്പർ	വർക്കർ	ഹെൽപ്പർ
1. ചേർപ്പ്	165	165	165	165	129	..	36
2. അന്തിക്കാട്	101	101	101	93	94	8	7